L – 6181

(Pages : 4)

Reg. No. : ..............................

Name : ..................................

# First Semester M.A. Degree Examination, August 2021

## Malayalam Language and Literature

## ML 214 : മലയാളവ്യാകരണം

(2019 Admission Onwards)

Time : 3 Hours                                                  Max. Marks : 75

I. ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) പാണ്ഡ്യഭാഷയിൽ നിന്നുള്ള കേരളഭാഷയുടെ വ്യതിരിക്തത വ്യക്തമാക്കാൻ ലീലാതിലകകാരൻ നിരത്തുന്ന യുക്തികൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മൂലദ്രാവിഡത്തിൽ നിന്ന് നേരിട്ട് ഉരുത്തിരിഞ്ഞ ഭാഷയാണ് മലയാളം എന്നതിന് ആറ്റൂർ പറയുന്ന തെളിവുകൾ വിമർശനാത്മകമായി വിലയിരുത്തുക.

(a) ഭാഷാഗദ്യത്തിന്റെ വികാസപരിണാമഘട്ടങ്ങളെ പ്രൊഫസർ സി.എൽ. ആന്റണി വിഭജിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) എ.ഡി. 12-ാം നൂറ്റാണ്ടോടുകൂടി ശാസനഭാഷയിൽ സംഭവിച്ചതായി ഭാഷാചരിത്രകാരന്മാർ സൂചിപ്പിച്ചിട്ടുള്ള പ്രധാന സ്വനിമ മാറ്റങ്ങൾ എന്തെല്ലാം?

(a) "ഊഹനീയസംസ്കൃതപ്രകൃതി സംസ്കൃത ഭവാ" - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) "സോഽഷ്ടധാ ത്രിധാ ദ്വിധാ ച" - ഈ സൂത്രത്തിൽ വിവരിക്കുന്ന പ്രത്യയഭേദങ്ങൾ ഏതെല്ലാം?

P.T.O.

4. (a) വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരുന്നതിനു കാരണമായി കേരളപാണിനി നിരത്തുന്ന യുക്തികൾ ആധുനിക സ്വനവിജ്ഞാനീയവുമായി എത്രത്തോളം യോജിക്കുന്നു എന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) സംബന്ധികയെ ഒരു വിഭക്തിയായി പരിഗണിക്കേണ്ടതുണ്ടോ? സ്വാഭിപ്രായം സ്വരൂപിക്കുക.

5. (a) റ കാരത്തെ ചില്ലായിട്ടും അല്ലാതെയും ഗണിക്കേണ്ടിവരുന്നതിന് കാരണമായി കേരളപാണിനി നിരത്തുന്ന യുക്തികൾ എത്രത്തോളം സ്വീകാര്യമാണെന്നു പരിശോധിക്കുക.

അല്ലെങ്കിൽ

(b) "വിവക്ഷപോൽ മാറി മാറി

വരും കാരകജാതികൾ" - വിവക്ഷിതമെന്ത്?

6. (a) മലയാളത്തിൽ സംവൃതത്തെ ഒരു സ്വരമായ് പരിഗണിക്കേണ്ടതുണ്ടോ? സ്വാഭിപ്രായം സ്വരൂപിക്കുക.

അല്ലെങ്കിൽ

(b) കൃത്തദ്ധിതങ്ങൾ എന്നാലെന്ത്? കൃതികൃത്ത്, കാരകകൃത്ത് ഇവ ഉദാഹരിച്ച് വിവരിക്കുക.

7. (a) അവ്യയീഭാവൻ, ദ്വിഗു എന്നിവ ഭാഷയിലില്ലെന്ന് കേരളപാണിനി പറയുന്നത് ശരിയാണോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) അകാരത്തിനു ഓഷ്ഠ്യം-താലവ്യം എന്ന കേരളപാണിനിയുടെ വിഭജനം അംഗീകരിക്കാമോ? വിലയിരുത്തുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) വർണ്ണവികാരം എന്നാലെന്ത്? സാമൂഹികഭാഷാശാസ്ത്രതത്ത്വങ്ങളുമായി താരതമ്യം ചെയ്ത് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളം സംശ്ലിഷ്ട കക്ഷ്യയിൽ നിന്ന് വൈകൃതകക്ഷ്യയിലേക്കുള്ള പടിവാതിലിൽ ആണെന്ന കേരളപാണിനിയുടെ അഭിപ്രായം എത്രത്തോളം സ്വീകാര്യമാണ് - പരിശോധിക്കുക.

9. (a) വിനയെച്ചം എന്നാലെന്ത്? നടുവിനയെച്ചത്തെ ഒരു വിനയെച്ചമായി പരിഗണിക്കേണ്ടതുണ്ടോ? വിലയിരുത്തുക.

അല്ലെങ്കിൽ

(b) സംസ്കൃതത്തിലില്ലാത്ത ദ്രാവിഡാക്ഷരങ്ങൾ ഏതെല്ലാം? ലീലാതിലകത്തിലെ അധികാക്ഷരനിരൂപണത്തിന്റെ വെളിച്ചത്തിൽ വിവരിക്കുക.

10. (a) മലയാളത്തിലെ പ്രധാനപ്പെട്ട ലിംഗപ്രത്യയങ്ങൾ ഏതെല്ലാം? ലിംഗപ്രത്യയങ്ങളുടെ ആഗമത്തെക്കുറിച്ചുള്ള കേരളപാണിനിയുടെ അഭിപ്രായം ക്രോഡീകരിക്കുക.

അല്ലെങ്കിൽ

(b) അം അംഗപ്രത്യയമാണെന്ന കേരളപാണിനിയുടെ അഭിപ്രായം വിശകലനം ചെയ്യുക.

11. (a) വിഭക്ത്യംഗം എന്നാലെന്ത്? വിഭക്ത്യംഗം ചേർക്കുന്ന വിധം വിശദമാക്കുക.

അല്ലെങ്കിൽ

(b) കേരളപാണിനിയുടെ ക്രിയാവിഭജനം വിമർശനാത്മകമായി വിലയിരുത്തുക.

12. (a) "ഖരാദേശമിരട്ടിപ്പും പരസംക്രാന്തി ചിഹ്നമാം" - ഈ നയത്തിന്റെ യുക്തിയും വ്യാപ്തിയും പരിശോധിക്കുക.

അല്ലെങ്കിൽ

(b) തമിഴ്-മലയാളങ്ങൾ ഒന്നുതന്നെയാണെന്നുള്ള പൂർവ്വപക്ഷത്തെ ലീലാതിലകകാരൻ ഖണ്ഡിക്കുന്നതെങ്ങനെ?

**(5 × 6 = 30 Marks)**

II. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

3. (a) വർത്തമാനകാലഖ്യാതത്തെ പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) സംസ്കൃതാനുകരണദോഷം കൂടാതെ മലയാളത്തിലെ വർണ്ണങ്ങളുടെ മൂല്യം നിർണ്ണയിക്കാൻ കേരളപാണിനിക്ക് കഴിഞ്ഞിട്ടില്ല എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

14. (a) രൂപത്തെയും രൂപത്തിനു പ്രത്യേകത വരുത്തുന്ന പ്രത്യയങ്ങളെയും അവഗണിച്ചതു കൊണ്ട് പദവർഗ്ഗീകരണത്തിൽ പല പാകപ്പിഴകളും കേരളപാണിനിക്ക് വന്നിട്ടുണ്ടെന്ന് പറയാതെ വയ്യ - സി.എൽ. ആന്റണിയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ അഭിപ്രായം സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) മലയാളഭാഷയുടെ ഉദ്ഭവത്തെപ്പറ്റിയുള്ള സിദ്ധാന്തങ്ങളിൽ പൂർവ്വ-തമിഴ് മലയാളവാദത്തിന്റെ പ്രസക്തി വിലയിരുത്തുക.

15. (a) ലീലാതിലകകാരന്റെ ഭാഷാവിചാരം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ വിലയിരുത്തുക.

അല്ലെങ്കിൽ

(b) കേരളപാണിനീയത്തിനു മുൻപുള്ള മലയാള വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

(3 × 8 = 24 Marks)

——————

(Pages : 4)

Reg. No. : ..............................

Name : ...................................

L – 6185

**First Semester M.A. Degree Examination, August 2021**

**Malayalam Language and Literature**

**ML 214 : മലയാളവ്യാകരണം**

**(Common for Malayalam Language and Literature and Malayalam with Media Studies)**

**(2013-18 Admission)**

Time : 3 Hours　　　　　　　　　　　　　　　　Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ശീലഭാവി, അവധാരക ഭാവി ഇവ എന്തെന്ന് വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അനുപ്രദാനം എന്നാലെന്ത്? അനുപ്രദാനത്തെ അടിസ്ഥാനമാക്കിയുള്ള വർണ്ണ വിഭജനം സംഗ്രഹിക്കുക.

2. (a) മലയാളത്തിലെ ലിപികൾ അക്ഷരമാലയുടേതാണ് വർണ്ണമാലയുടേതല്ല - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ഭാഷാസംസ്കൃതയോഗോമണിപ്രവാളം - യോഗം എന്നതുകൊണ്ട് ലീലാതിലകകാരൻ അർത്ഥമാക്കുന്നതെന്താണ്?

. (a) ഭാഷാത്രിധ: ദേശി, സംസ്കൃതഭവാ, സംസ്കൃതരൂപാ ച - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) സ്ത്രീപുംനപുംസകംത്രികം - ലീലാതിലകകാരന്റെ ഈ ലിംഗവിഭജനം എത്രത്തോളം യുക്തിഭദ്രമാണെന്ന് പരിശോധിക്കുക.

P.T.O

4. (a) ഓർന്നിത്യം; ലോപശ്ച - എന്നീ സന്ധി സൂത്രങ്ങൾ വിവരിച്ചുദാഹരിക്കുക.

അല്ലെങ്കിൽ

(b) ''ഇപ്പോഴത്തെ നിലയിൽ സംസ്കൃതത്തിന്റെ മണിയം പലതും മലയാളഭാഷയിൽ കയറി ഫലിപ്പിച്ചിട്ടുണ്ടെങ്കിലും അസ്ഥിവാരവും മേൽപ്പുരയും ഇന്നും തമിഴ് പ്രതിഷ്ഠിച്ചിട്ടുള്ളത് തന്നെയാണ്'' - വിവക്ഷിതമെന്ത്?

5. (a) ''ദ്രാവിഡഭാഷകളുടെ സ്ഥിതി സംശ്ലിഷ്ട കക്ഷ്യയിലും സംസ്കൃതത്തിന്റെ സ്ഥിതി വൈകൃതകക്ഷ്യയിലും ആകുന്നു.'' വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളികൾ പുരുഷഭേദം നിശ്ശേഷം ഉപേക്ഷിച്ചതിന് കേരളപാണിനി നിരത്തുന്ന യുക്തി എന്താണ്?

6. (a) ''മകാരംതാനനുസ്വാരം

സ്വരം ചേർന്നാൽ തെളിഞ്ഞിടും'' വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ''ഇതുമൂന്നും കഴിച്ചുള്ളതെല്ലാം

കേവലസംജ്ഞിതം'' - വിശദീകരിക്കുക.

7. (a) ''സംഖ്യാവിശേഷണം ചേർന്നാൽ

ക്ലീബേ വേണ്ട ബഹുക്കുറി'' വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ''റാവു ചില്ലല്ലകാലത്തിൽ

യാവു ചില്ലെന്നുമോർക്കണം

രാവും ളാവും ചിലേടത്ത്

ചില്ലല്ലാത്തതു പോലെയാം'' - വിശദീകരിക്കുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) സംസ്കൃത മലയാളങ്ങൾക്കു തമ്മിലുള്ള വ്യാകരണപരമായ വ്യത്യാസങ്ങൾ എന്തെല്ലാം? കേരളപാണിനീയത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) സർവ്വനാമം എന്നാലെന്ത്? അതിനെ ഒരു പ്രത്യേക പദവിഭാഗമായി പരിഗണിക്കേണ്ടതുണ്ടോ?

9. (a) തമിഴ്-മലയാളങ്ങളിൽ വർത്തമാനകാലരൂപം അനുപ്രയോഗ നിഷ്പന്നമാണെന്ന കേരളപാണിനിയുടെ അഭിപ്രായം പരിശോധിക്കുക.

അല്ലെങ്കിൽ

(b) സമാസം എന്നാലെന്ത്? കേരളീയപാണിനീയത്തിലെ സമാസപ്രകരണം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

10. (a) തദ്ധിതം എന്നാലെന്ത്? കൃത്തും തദ്ധിതവും തമ്മിലുള്ള വ്യത്യാസം വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) വിഭക്തികൾക്കു കേരളപാണിനി പുതിയ പേരുകൾ നിർദ്ദേശിച്ചതിലെ യുക്തി പരിശോധിക്കുക.

11. (a) കാരകം എന്നാലെന്ത്? വിഭക്തികാരകബന്ധം ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ലീലാതിലകത്തിൽ നിർദ്ദേശിച്ചിട്ടുള്ള ആദേശ സന്ധികൾ ഇന്നത്തെ ഭാഷയിൽ എത്രത്തോളം പ്രസക്തമാണെന്ന് പരിശോധിക്കുക.

2. (a) മലയാളത്തിലെ ലിംഗപ്രത്യയങ്ങളുടെ ഉത്പത്തിയെ കുറിച്ചുള്ള കേരളപാണിനിയുടെ നിരീക്ഷണങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) സന്ധികാര്യചർച്ചയിൽ കേരളപാണിനി നടത്തിയിട്ടുള്ള വിഭജനക്രമം എത്രത്തോളം യുക്തിഭദ്രമാണെന്നു പരിശോധിക്കുക.

**(5 × 6 = 30 Marks)**

ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

(a) ദ്രാവിഡങ്ങളിൽ ഭേദകങ്ങൾ എന്ന് കണക്കാക്കാവുന്ന ശബ്ദങ്ങൾ ഇല്ലെന്ന കാൽഡ്‌വെല്ലിന്റെ അഭിപ്രായത്തെ കേരളപാണിനീയത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

അല്ലെങ്കിൽ

(b) അനുപ്രയോഗം എന്നാലെന്ത്? ഭാഷയിൽ അവയ്ക്കുള്ള പ്രാധാന്യം വിശകലനം ചെയ്യുക.

14. (a) മലയാളത്തിലെ പ്രയോജകപ്രക്രിയ വിശദീകരിച്ച് കേവലധാതുവിനെ പ്രയോജകപ്രകൃതിയിൽ ആക്കാനുള്ള ഉപാധികൾ സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) പ്രകാരം എന്നാലെന്ത്? ധാതുക്കളിൽ രൂപഭേദം വരുത്തുന്ന ഉപാധികൾ വളരെ പ്രധാനപ്പെട്ട ഒന്നായി ഇതിനെ കണക്കാക്കാമോ?

15. (a) അം അംഗപ്രത്യയമാണെന്ന കാൽഡ്‌വെല്ലിന്റെ അഭിപ്രായത്തെ കേരളപാണിനി ഖണ്ഡിക്കുന്നതെങ്ങനെ? കേരളപാണിനിയുടെ നിരീക്ഷണം എത്രത്തോളം യുക്തിസഹമാണെന്നു പരിശോധിക്കുക.

അല്ലെങ്കിൽ

(b) തമിഴിൽ നിന്ന് മലയാളത്തെ വേർതിരിക്കുന്നതിനു കേരളപാണിനി നിർദ്ദേശിക്കുന്ന ആറ് നയങ്ങളിൽ മിക്കതും ലീലാതിലകകാരൻ സൂചിപ്പിച്ചിട്ടുള്ളതാണ് - സമർത്ഥിക്കുക.

**(3 × 8 = 24 Marks)**

---